## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5898

28.10.2011-ൽ മറുപടിക്ക്

### സീബ്രാ ലൈനിലെ പാർക്കിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.പി. വിൻസെന്റ്:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. സി.പി. മുഹമ്മദ്: | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സിഗ്നൽ കാത്ത് കിടക്കുന്ന വാഹനങ്ങൾ സീബ്രാലൈനിൽ നിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജനങ്ങൾക്കു റോഡ് മുറിച്ചു കടക്കുന്നതിനുള്ള സിഗ്നൽ വന്നു കഴിഞ്ഞാലും സീബ്രാ ലൈനിൽ വാഹനങ്ങൾ കയറ്റി നിർത്തി കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെ എന്തു നടപടിയാണ് നിയമപ്രകാരം എടുക്കാൻ കഴിയുക; | (ബി) ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കേരളാ മോട്ടോർ വാഹന നിയമം 365 (1)- ഉം മോട്ടോർ വാഹന ആക്ട് 177-ഉം പ്രകാരം പിഴ ചുമത്തി വരുന്നു. |
| (സി) ഇത്തരം എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അവയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (സി) 1144 കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയിൽ പെറ്റീകേസുകൾ രജിസ്റ്റർ ചെയ്ത് പിഴ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ